(സി) ഈ മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രസ്തുത ഓഫീസിലെ ജോലികൾക്കായി സ്വീകരിക്കുന്നപക്ഷം ഇവിടെയുള്ള ജോലികൾ മെച്ചപ്പെട്ട നിലയിൽ നിർവ്വഹിക്കുവാൻ കഴിയുമോ ;

(ഡി) പ്രസ്തുത ഓഫീസിലെ ജോലിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ഒരു കരട് ഓഫീസ് മാന്വലിന് രൂപം നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്നാണ് രൂപം നൽകിയത് ;

(എഫ്) ഇല്ലെങ്കിൽ അഡ്വ. ജനറൽ ഓഫീസിന് മാത്രമായി ഒരു ഓഫീസ് മാന്വൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വ്യത്യസ്തമാണ്.

(ബി) സെക്രട്ടേറിയറ്റ് മാന്വലും, എം. ഒ. പി.യും 1978-ലെ കേരള ഗവ. ലാ ഓഫീസേഴ്സ് റൂൾസും അഡ്വ. ജനറൽ ഓഫീസിന് ബാധകമാക്കിയിട്ടുണ്ട്.

(സി) ഈ മാന്വൽ പ്രകാരമുള്ള നടപടിക്രമം സ്വീകരിക്കുന്നത് കൊണ്ടുമാത്രം അഡ്വ. ജനറൽ ഓഫീസിലെ ജോലികൾ മെച്ചപ്പെട്ട നിലയിൽ നിർവ്വഹിക്കാൻ കഴിയുകയില്ല.

(ഡി) അഡ്വ. ജനറൽ ഓഫീസിലെ ജോലിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ഒരു ഓഫീസ് മാന്വലിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്.

(ഇ) ഓഫീസ് മാന്വലിന്റെ കരടിന് രൂപം നൽകിയത് 1976-ൽ ആണ്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

അഡ്വക്കേറ്റ് ജനറൽ ഓഫീസിന് കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി

34 (4313) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

(ബി) പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നത് പഴയ മിലിട്ടറി ബാരക്കിലാണോ ;

(സി) ഈ ഓഫീസിന് കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിനെക്കുറിച്ച് ഹൈക്കോടതി, അഡ്വക്കേറ്റ് ജനറൽ സ്റ്റാഫ് പ്രതിനിധികൾ എന്നിവരുടെ യോഗം ചേർന്നിരുന്നോ ;

(ഡി) പ്രസ്തുത യോഗത്തിൽ വച്ച് ഹൈക്കോടതി മന്ദിരങ്ങളിൽനിന്നും 57,848 സ്കയർഫീറ്റ് സ്ഥലം അഡ്വക്കേറ്റ് ജനറൽ ഓഫീസിനുവേണ്ടി നൽകുവാൻ തീരുമാനിക്കുകയുണ്ടായോ ;

(ഇ) എങ്കിൽ പ്രസ്തുത സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ജീവനക്കാരും ലാ ഓഫീസറന്മാരും അടക്കം മൊത്തം 382 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) അഡ്വക്കേറ്റ് ജനറൽ ഓഫീസ് പ്രവർത്തിക്കുന്നത് പ്രധാനമായും മൂന്ന് കെട്ടിടങ്ങളിലാണ്. ഇതിൽപ്രധാന കോർട്ട് സെക്ഷനുകൾ പ്രവർത്തിക്കുന്നത് വളരെ പഴകിയ കെട്ടിടത്തിലാണ്. ഇത് മിലിട്ടറി ബാരക്കായിരുന്നു എന്ന് പറയപ്പെടുന്നു.

(സി) യോഗം ചേർന്നിരുന്നു.

(ഡി) തിരുമാനിയ്ക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ 57270.211 ചതുരശ്ര അടിസ്ഥലം നിലവിലുള്ള പഴയ ഹൈക്കോടതി മന്ദിരങ്ങളിൽ (10 കെട്ടിടങ്ങളിലായി) നൽകാനും, 607.768 ചതുരശ്ര അടിസ്ഥലം അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, പബ്ലിക് പ്രോസിക്യൂട്ടർ, സ്റ്റേറ്റ് അറ്റോർണി, മറ്റ് ലോ ഓഫീസർമാർ എന്നിവർക്ക് ചേംബർ സൗകര്യം നൽകുന്നതിനുമായി പുതിയ ഹൈക്കോടതി മന്ദിരത്തിലും (മൊത്തം 57878 ചതുരശ്ര അടി) അഡ്വക്കേറ്റ് ജനറൽ ഓഫീസിനുവേണ്ടി നൽകാനും തീരുമാനമായിട്ടുണ്ട്. ഇക്കാര്യം ഹൈക്കോടതി രജിസ്ട്രർ 2002 ആഗസ്റ്റ് 16-ാം തീയതിയിലെ ജെ. 1/47034/നമ്പർ അർദ്ധ ഔദ്യോഗിക കത്ത് 75 (വാല്യം 7) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ടെലിഫോൺ ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് നടപടി

35 (4314) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ പി.എ.ബി. എക്സ്. സമ്പ്രദായത്തിന് ഇപ്പോൾ എത്ര ജംഗ്ഷനുകളും എക്സ്റ്റൻഷനുകളും ഉണ്ടെന്ന് വെളിപ്പെടുത്തുമോ :

(ബി) ഇതിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഭരണാനുമതി നൽകിയിട്ടുണ്ടോ :

(സി) ഇവിടെയുള്ള പി. എ. ബി. എക്സ്. സമ്പ്രദായം കൈകാര്യം ചെയ്യുവാൻ ടെലിഫോൺ ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ടോ :

(ഡി) സംസ്ഥാനത്താകമാനമുള്ള ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട ഈ ഓഫീസിലെ പി. എ. ബി. എക്സ് നിയന്ത്രിക്കുന്നത് ഒരു ടെലിഫോൺ അറ്റൻഡറും ഒരു ക്ലറിക്കൽ അസിസ്റ്റന്റും കൂടിയാണോ :

(ഇ) പ്രസ്തുത ഓഫീസിന് ആവശ്യമായ ടെലിഫോൺ ഓപ്പറേറ്റർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly